Work of the Cochin Bye-pass Link Road from Nettoor to Thevara

1161 [2105] **Shri Stephen Padua:** Will the Deputy Chief Minister be pleased to state:

(a) when will the work of the Cochin Bye-pass Link Road from Nettoor to Thevara start;

(b) what is the present stage of construction of the Link Road from Thevara to Willingdon Island?

Answer

(a) The revised estimate for the work is pending with the Government of India. The work can be started only after approval of the revised estimates by the Government of India and on completion of land acquisition.

(b) This portion of the work is within the Cochin Port Trust area and is to be carried out by the Cochin Port Trust. Construction of the bridge across Venduruthy Channel is in progress.

പാലക്കടവിൽ ഒരു കോസ്‌വേ

1162 [2108] ശ്രീ. ഉമ്മൻ ചാണ്ടി: താഴെക്കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിൽ നെയ്യാറിൻകര പാലക്കടവ് പഴയ അഞ്ചൽ ആഫീസ് റോഡുകളെ ബന്ധിപ്പിക്കുവാൻ നെയ്യാറിന് കുറുകെ പാലക്കടവിൽ ഒരു കോസ്‌വേ നിർമ്മിക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ എന്തായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

പാലക്കടവിൽ ഒരു കോസ്‌വേ പണിയുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ നടന്നുവരികയാണ്.

അയിലംപാലത്തിന്റെ നിർമ്മാണം

1163 [2108] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള അയിലം പാലത്തിന്റെ നിർമ്മാണം ഇപ്പോൾ ഏത് സ്റ്റേജിലായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പാലത്തിന്റെ നിർമ്മാണത്തിൽ കാലതാമസം വരുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന്റെ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അസൈന്മെന്റ് പൂർത്തിയായിട്ടുണ്ട്. ഇൻവെസ്റ്റിഗേഷന് വേണ്ടിയുള്ള നടപടികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) പാലം പണിയേണ്ടത് പഞ്ചായത്ത് റോഡിലാണ്. അതുകൊണ്ട് ഉടനെ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് പ്രയാസമുണ്ട്.

വലഞ്ചുഴി ക്ഷേത്രക്കടവിൽ ഒരു നടപ്പാലം

1164 [2110] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ വലഞ്ചുഴി ക്ഷേത്രക്കടവിൽ ഒരു നടപ്പാലം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നതിനെപ്പറ്റി എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് നിർമ്മിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വലഞ്ചുഴി ക്ഷേത്രക്കടവിൽ ഒരു നടപ്പാലം നിർമ്മിക്കുന്നതിന് ആവശ്യമായ ഇൻവെസ്റ്റിഗേഷൻ നടത്താൻ ആർ ആൻറ് ബി സൂപ്രണ്ടിംഗ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുവാൻ ബുദ്ധിമുട്ടുണ്ട്.

കുമ്പളങ്ങി–പെരുമ്പടപ്പ് പാലം

1165 [2111] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പളങ്ങി–പെരുമ്പടപ്പ് പാലത്തിന്റെ പണി ഇനിയും ആരംഭിക്കാതിരിക്കുന്നതിന് കാരണമെന്ത്;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ ജോലി ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത്;

(സി) ഇതിന്റെ പണി സഹകരണ കോൺട്രാക്ടറെ ഏൽപ്പിക്കാൻ ആലോചനയുണ്ടോ;

(ഡി) ഈ പാലം പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിക്കുന്നതിനാണ് തീരുമാനം.

(സി) ഇല്ല.

(ഡി) ഈ പാലത്തിന്റെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് ഇപ്പോൾ പറയുക പ്രയാസമാണ്.

LIBRARY ARCHIVES Kerala Legislative Assembly